Kudumbashree
*State Poverty Eradication Mission*
Local Self Govt.Department, Govt.of Kerala

6701/എഫ്/2015/കെ.എസ്എച്ച്ഒ 16/03/2016

## സർക്കുലർ

വിഷയം: കുടുംബശ്രീ - ദേശീയ നഗര ഉപജീവന മിഷൻ (എൻയുഎൽഎം) - ഗുണഭോക്താക്കളുടെ വരുമാനപരിധി- സാക്ഷ്യപ്പെടുത്തുന്നത് - സംബന്ധിച്ച് -

സൂചന: 1) എൻയുഎൽഎം- മാർഗ്ഗരേഖ
2) .ഈ ഓഫീസിലെ 09/11/2015 -ലെ ഇതേ നമ്പർ സർക്കുലർ

നഗരവാസികളായ ദരിദ്രരായ കുടുംബങ്ങളിലെ അംഗങ്ങളുടെ ഉന്നമനത്തിനായി പ്രർത്തിക്കുന്ന ദേശീയ നഗര ഉപജീവന മിഷൻ, ദരിദ്രർക്ക് മികച്ച രീതിയിൽ സ്വയംതൊഴിൽ ചെയ്യുന്നതിനും വിദഗ്ദ്ധ തൊഴിലുകൾ ചെയ്യുന്നതിനുമുള്ള അവസരങ്ങൾ ഒരുക്കികൊടുത്ത് അവരുടെ ജീവിത സാഹചര്യങ്ങളിൽ സുസ്ഥിരമായ അഭിവൃദ്ധി ഉണ്ടാക്കുന്നതിന് ലക്ഷ്യമിടുന്നു. എൻയുഎൽഎം പദ്ധതിഗുണഭോക്താക്കൾ നഗര ദരിദ്രരാണ്. സൂചന (2) പ്രകാരം 50,000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള നഗരവാസികളെ എൻയുഎൽഎം പദ്ധതിയുടെ ഗുണഭോക്താക്കളായി വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള നഗര ദരിദ്രരുടെ സംഘാടനത്തിനും സാമൂഹിക മുന്നേറ്റത്തിനും നിരവധിയായ ആനുകൂല്യങ്ങൾ പദ്ധതി വഴി നൽകിവരുന്നു. അയൽക്കൂട്ടങ്ങക്കും നഗര ദരിദ്രർക്കും പദ്ധതി ആനുകൂല്യം ലഭിക്കുന്നതിന് വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ് നിർബന്ധമാക്കുന്നത് ദരിദ്രരായ ജനവിഭാഗത്തിന് വളരെയധികം ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട്.

പിഎംഎവൈ പദ്ധതി ഉൾപ്പെടെയുള്ള വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖാന്തിരം സഹായം ലഭിക്കുന്നതിന് വരുമാന പരിധി ഗുണഭോക്താക്കൾ സ്വയം സാക്ഷ്യപ്പെടുത്തിയാൽ മതിയെന്നിരിക്കെ ദേശീയ നഗര ഉപജീവന മിഷന്റെ ഗുണഭോക്താക്കൾക്കും സമാനമായ രീതിയിൽ വരുമാനം സ്വയം സാക്ഷ്യപ്പെടുത്തി നൽകുന്നത് ഉചിതമായിരിക്കുമെന്ന്

Trida Buildings, Medical College P.O., Thiruvananthapuram-695 011
Tel: 0471-2554714, 2554715 (O) Fax: 0471-2554717 e-mail: info@kudumbashree.org
www.kudumbashree.org

മിഷൻ കരുതുന്നു. ടി സാഹചര്യത്തിൽ എൻയുഎൽഎം പദ്ധതി പ്രകാരം ഗുണഭോക്താക്കളാകുന്ന നഗര ദരിദ്രർ ദേശീയ നഗര ഉപജീവന മിഷന്റെ വിവിധ ഘടകങ്ങൾ പ്രകാരം ലഭ്യമാക്കുന്ന ആനുകൂല്യങ്ങൾ കൈപ്പറ്റുന്നതിന് വരുമാനം സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ്, ആയത് ബന്ധപ്പെട്ട കുടുംബശ്രീ യൂണിറ്റ് പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയാൽ മതിയെന്ന് സ്പഷ്ടീകരണം നൽകുന്നു.

(ഒപ്പ്)

**എക്സിക്യൂട്ടീവ് ഡയറക്ടർ**

**കുടുംബശ്രീ**

To

1. മേയർ/ ചെയർമാൻ, (എൻയുഎൽഎം നടപ്പിലാക്കുന്ന കോർപ്പറേഷൻ/നഗരസഭ)
2. എൻയുഎൽഎം നടപ്പിലാക്കുന്ന എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്ക്
4. എല്ലാ എൻയുഎൽഎം സിറ്റി മിഷൻ മാനേജർമാർക്ക്
5. എൻയുഎൽഎം നടപ്പിലാക്കുന്ന എല്ലാ നഗരസഭ/കോർപ്പറേഷൻ സിഡിഎസ് ചെയർപേഴ്സൺമാർക്ക് (ജില്ലാ മിഷൻ മുഖേന)

പകർപ്പ്

കരുതൽ/അധികം

**അംഗീകാരത്തോടെ,**

**പ്രോഗ്രാം ഓഫീസർ (അർബൻ)**